പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 467 12.06.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ സർവ്വീസ് ബുക്കുകൾ

ചോദ്യം

ശ്രീ. പി. ബി. അബ്ദുൾ റസാക്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ സർവ്വീസ് ബുക്കുകൾ മെയിന്റയിൻ ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ളത് ഏതു തലത്തിലെ ഉദ്യോഗസ്ഥരെയാണ്; | (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാരൻ ജോലി നോക്കുന്ന യൂണിറ്റിലെ യൂണിറ്റ് അധികാരിയാണ് പ്രസ്തുത ജീവനക്കാരന്റെ സേവന പുസ്തകം മെയിന്റയിൻ ചെയ്യുന്നത്. |
| (ബി) | സർവ്വീസ് ബുക്കിന്റെ പകർപ്പ് ജീവനക്കാരൻ നിയമാനുസരണം ആവശ്യപ്പെട്ടാൽ അതു നൽകാറുണ്ടോ; | (ബി) | നൽകാറുണ്ട്. |
| (സി) | സർവ്വീസ് ബുക്ക് ജീവനക്കാരനെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ അത് നഷ്ടപ്പെടുന്ന സാഹചര്യത്തിൽ, പുനർനിർമ്മിതിക്ക് സഹായകമാവും വിധം ഡ്യൂപ്ലിക്കേറ്റ് സർവ്വീസ് ബുക്ക് ജീവനക്കാരൻ ആവശ്യപ്പെട്ടാൽ നൽകണമെന്ന നിർദ്ദേശം നിവിലുണ്ടോ; | (സി) | നിലവിലുണ്ട്. |
| (ഡി) | എങ്കിൽ തിരുവനന്തപുരം സിറ്റി ഡിപ്പോയിലെ കണ്ടക്ടർ ശ്രീ. സുലൈമാൻ തന്റെ ഡ്യൂപ്ലിക്കേറ്റ് സർവ്വീസ് ബുക്ക് തയ്യാറാക്കാനുള്ള രേഖ സമർപ്പിച്ചിട്ടുണ്ടോ; | (ഡി) | സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ എത്രയും പെട്ടെന്ന് നൽകാൻ നിർദ്ദേശം നൽകുമോ? | (ഇ) | നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ